## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6509** | **03.04.2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം<br>,, ഹൈബി ഈഡൻ<br>,, അനിൽ അക്കര : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>(സി) ആരാണ് വിവരശേഖരണം നടത്തുന്നത്; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; | (എ) യും (ബി) യും (സി) യും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയും വിവരശേഖരണവും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന്റെ നേതൃത്വത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടു കൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടത്തി വരികയാണ്. സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നടത്തുകയും അതിനൊപ്പം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുമുണ്ട്. പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ഇതരസംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ ബ്രോഷറുകൾ പ്രസിദ്ധീകരിക്കുകയും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യവും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ? | (ഡി) ആവാസ് പദ്ധതിയുടെ രജിസ്ട്രേഷൻ പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഒരു ഡേറ്റ എത്രയുംവേഗം തയ്യാറാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.